


ബാലസൗഹൃദ തദ്ദേശ ഭരണ ശാക്തീകരണം

തദ്ദേശ സ്വയംഭരണ ജനപ്രതിനിധികൾക്കുള്ള ഏകദിന പരിശീലനം

പരിശീലന സഹായി

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ



ബാലസൗഹൃദ തദ്ദേശ ഭരണ ശാക്തീകരണം

തദ്ദേശ സ്വയംഭരണ ജനപ്രതിനിധികൾക്കുള്ള ഏകദിന പരിശീലനം: പരിശീലന സഹായി

ചീഫ് എഡിറ്റർ

ഡോ.ജോയ് ഇളമൺ

ഡയറക്ടർ ജനറൽ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

എഡിറ്റർമാർ

ഡോ.കെ.പി.എൻ.അമൃത

അസിസ്റ്റന്റ് ഡയറക്ടർ, കില

ഡോ.മോനിഷ് ജോസ്

അസിസ്റ്റന്റ് പ്രൊഫസർ, പബ്ലിക് അഡ്മിനിസ്ട്രേഷൻ, കില

സുകന്യ. കെ.യു

കോർഡിനേറ്റർ, കില സെൻറർ ഫോർ സസ്റ്റൈനബിൾ ഡെവലപ്മെൻറ് ഗോൾസ് ആന്റ് ലോക്കൽ ഗവർനൻസ്

തയ്യാറാക്കാൻ സഹായിച്ചവർ

ആൻ മരിയ അനിൽ

ദർശന വി രാധാകൃഷ്ണൻ

എൽസബത്ത് മിന്ന മാത്യൂസ്

ഹേമചന്ദ്രൻ ജെ

കാളിദാസൻ എം ജി

സജീവ് കെ ജി

പ്രേംജിത്ത് പി

കെ ബി മദൻ മോഹൻ

മനീഷ് എം നായർ

ഡോ അമൃതരാജ് ആർ എം

ആർ ഷൈനി

ഡോ സോണി പി

ദേവി പി ബാലൻ

അഡ്വ. ബിനെല്ല മേരി ജേക്കബ്

ഡാനിയൽ ലിബ്നി

കവർ ഡിസൈൻ ആന്റ് ലേഔട്ട്

രാജേഷ് താണിക്കുടം, കോ-ഓപ്പറേറ്റീവ് പ്രസ്സ്

അച്ചടി – കോ-ഓപ്പറേറ്റീവ് പ്രസ്സ്, മുളങ്കുന്നത്തുകാവ്, 9895566621

ഏപ്രിൽ, 2024

പ്രസിദ്ധീകരിച്ചത്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)


മുളങ്കുന്നത്ത്കാവ് പി.ഒ. തൃശ്ശൂർ – 680581

കേരളം, ഇന്ത്യ

ഇമെയിൽ: info@kila.ac.in വെബ്സൈറ്റ്: www.kila.ac.in



അവതാരിക



പ്രിയപ്പെട്ടവരേ,

കിലയും യൂണിസെഫും ചേർന്ന് നടത്തുന്ന "ബാലസൗഹൃദ തദ്ദേശഭരണ പ്രവർത്തനങ്ങളുടെ ശാക്തീകരണം" എന്ന പ്രോജക്ടിന്റെ കീഴിൽ തയ്യാറാക്കിയിട്ടുള്ള കൈപ്പുസ്തകത്തിന്റെ വായനാ – പഠന അനുഭവത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

എതൊരു സമൂഹത്തിന്റെ നിലനില്പിനും മുന്നോട്ട്പോക്കിനും അഭിവാജ്യ ഘടകമാണ് കുട്ടികൾ. സമൂഹത്തിന്റെ സർവ്വതല സ്പർശിയായ പുരോഗതിക്കും അഭിവൃദ്ധിക്കും മുതല്കൂട്ടാവേണ്ടത് നമ്മുടെ കുഞ്ഞുങ്ങളാണ് എന്നതിൽ തർക്കമില്ല. ബാലസൗഹൃദ പ്രവർത്തനങ്ങൾക്ക് രാജ്യാന്തര തലത്തിൽ പോലും മാതൃകയായിട്ടുള്ള നമ്മുടെ സംസ്ഥാനം കുട്ടികളുടെ അവകാശങ്ങളെ എല്ലാ അന്തസത്തയോട് കൂടിയും ഉയർത്തിപ്പിടിക്കാൻ എപ്പോഴും ശ്രമിച്ചിട്ടുണ്ട്. വാർഡ് തലങ്ങളിലേക്ക് കൂടി കേരളം വ്യാപിപ്പിക്കാൻ ശ്രമിക്കുന്ന ബാലക്ഷേമ സംരക്ഷണ സമിതി കാര്യക്ഷമമായ നമ്മുടെ ഇടപെടലിന്റെ മറ്റൊരു മാതൃക കൂടിയാണ്.

കുട്ടികളുമായി ബന്ധപ്പെട്ടു നിലവിൽ പ്രവർത്തിക്കുന്നതും, ഈ പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ളതുമായ വിവിധ സംവിധാനങ്ങളെ പറ്റി ഈ കൈപ്പുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ട്. അവയുടെ ഘടന, ചുമതലകൾ, പ്രവർത്തനരീതി തുടങ്ങിയവയെപ്പറ്റി വിശദമായ ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയുമാണ് ഈ കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അധികാര വികേന്ദ്രീകരണത്തിലൂടെയും ജനകീയാസൂത്രണത്തിലൂടെയും ലോകത്തിനു തന്നെ മാതൃകയായ നമ്മുടെ സംസ്ഥാനം പൂർണമായി ബാലസൗഹൃദമാകേണ്ടത് അനിവാര്യമാണ്. കൈപ്പുസ്തകത്തിന്റെയും മറ്റ സഹായികളുടെയും സാധ്യതകളെ ഉപയോഗപ്പെടുത്തി ബാലസൗഹൃദ കേരളം എന്ന ലക്ഷ്യം നമുക്ക് നിറവേറ്റാൻ കഴിയണം. അതിനായി എല്ലാവിധ ആശംസകളും നേരുന്നു.

അതോടൊപ്പം തന്നെ പരിശീലനസഹായികൾ തയാറാകുന്ന വിവിധ ഘട്ടങ്ങളിൽ ഞങ്ങളോടൊപ്പം നിന്ന യൂണിസെഫിനും, ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഒപ്പം നിന്ന കിലയിലെ റിസോഴ്സ് പേഴ്സൺമാർക്കും മറ്റ സഹപ്രവർത്തകർക്കും എറ്റവും ഹൃദ്യമായ നന്ദി അറിയിക്കുന്നു.

നമുക്ക് ഒന്നിച്ചു നിന്നുകൊണ്ട് ബാലസൗഹൃദ കേരളം സാധ്യമാക്കാം.

വിശ്വസ്തതയോടെ

ഡോ. ജോയ് ഇളമൺ
ഡയറക്ടർ ജനറൽ

ആമുഖം

സംസ്ഥാനത്തെ ബാലസൗഹൃദ തദ്ദേശ ഭരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കിലയും യൂണിസെഫും സംയുക്തമായി ഏറ്റെടുത്തു നടത്തുന്ന പ്രോജക്ടിന്റെ ഭാഗമായി വിവിധ വിഷയങ്ങളിൽ മൊഡ്യൂളുകൾ തയാറാക്കിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ബന്ധപ്പെട്ട വിഷയങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കുള്ള പരിശീലനം.

ജനപ്രതിനിധികളുടെ കാര്യശേഷി വികസനവും പരിശീലനങ്ങളും ബാലസൗഹൃദ പ്രവർത്തനങ്ങളിൽ പ്രധാന പങ്ക് വഹിക്കുന്നു. കുട്ടികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ നിത്യേന ഇടപെടുന്ന മുന്നണി പ്രവർത്തകരാണ് നമ്മുടെ ജനപ്രതിനിധികൾ. അവരുടെ പൂർണമായ സഹകരണത്തോടു കൂടി മാത്രമേ പ്രവർത്തനങ്ങളിൽ മുന്നോട്ട് പോകാൻ കഴിയൂ.

ഈ പ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന രീതിയിലാണ് മൊഡ്യൂൾ ക്രമീകരിച്ചിരിക്കുന്നത്. സുസ്ഥിരവികസന ലക്ഷ്യങ്ങളും കുട്ടികളും എന്നതിൽ തുടങ്ങി, ബാലസൗഹൃദപ്രവർത്തന സാധ്യതകളെയും അതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വിവിധ സംവിധാനങ്ങളെയും കുറിച്ചുള്ള വിശദമായ കാര്യങ്ങൾ ഈ പരിശീലനത്തിലൂടെ ചർച്ച ചെയ്യുന്നു. തുടർ പ്രവർത്തന രീതികൾ എങ്ങനെ ആയിരിക്കണം എന്ന് സൂചിപ്പിക്കുന്ന ഒരു പ്രവർത്തന കലണ്ടറും മോഡ്യൂളിന്റെ ഭാഗമായി വിശദീകരിക്കുന്നുണ്ട്.

ബാലസൗഹൃദ കേരളം എന്ന ലക്ഷ്യത്തിലേക്ക് നടന്നെത്താൻ ജനപ്രതിനിധികൾ സ്വീകരിക്കേണ്ട പ്രവർത്തനരീതികളെയും പദ്ധതികളെയും പറ്റി വിശദമായി ചർച്ചചെയ്യുന്നതിലൂടെ ഈ മോഡ്യൂളിന് ബാലസൗഹൃദ പ്രവർത്തനങ്ങൾക്ക് മികച്ച പിന്തുണ നല്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

ഉള്ളടക്കം

ആമുഖം..... 9

സെഷൻ – 1 : SDG യും ബാലസൗഹൃദ സംസ്ഥാനവും..... 11

സെഷൻ – 2: ബാലസൗഹൃദ തദ്ദേശസ്വയംഭരണം ചെയ്യേണ്ട കാര്യങ്ങൾ .. 17

സെഷൻ – 3: ബാല സൗഹൃദം ലഭ്യമായ സംവിധാനങ്ങൾ..... 22

സെഷൻ – 4: ബാലസൗഹൃദം തുടർ പ്രവർത്തനങ്ങൾ..... 25

തദ്ദേശ സ്വയംഭരണ സ്ഥാപനതല പ്രവർത്തന കലണ്ടർ..... 26



തദ്ദേശ സ്വയംഭരണ ജനപ്രതിനിധികൾക്കുള്ള ഏകദിന പരിശീലനം

ആമുഖം

ബാലസൗഹൃദ കേരളം എന്ന ബ്രഹത് ലക്ഷ്യത്തിന്റെ ഭാഗമായി ബാലസൗഹൃദ തദ്ദേശ സ്വയംഭരണ എന്ന ആശയവും അതിന്റെ അടിസ്ഥാനത്തിൽ നടക്കേണ്ട പ്രവർത്തനങ്ങളേയും കുറിച്ച് ജനപ്രതിനിധികളെ ബോധ്യപ്പെടുത്തുന്നതിന് എല്ലാ ബ്ലോക്ക് തലത്തിലും ഏകദിന പരിശീലനം സംഘടിപ്പിക്കണം. ഈ പരിശീലനത്തിന്റെ മൊഡ്യൂൾ ഇതോടൊപ്പം ഉൾപ്പെടുത്തുന്നു. ഒരു ബ്ലോക്ക് പരിധിക്ക് ഉള്ളിൽവരുന്ന എല്ലാ ഗ്രാമപഞ്ചായത്തിലേയും, ബ്ലോക്ക് പഞ്ചായത്തിലെയും ജനപ്രതിനിധികൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ വെച്ചും, മുനിസിപ്പാലിറ്റി മുനിസിപ്പൽ കോർപ്പറേഷൻ, ജനപ്രതിനിധികൾക്ക് ജില്ലാതലത്തിൽ വെച്ചും, ജില്ലാ ജനപ്രതിനിധികൾക്ക് കിലയിൽ വെച്ചും പരിശീലനം നൽകുക.

വിഷയങ്ങൾ

ജനപ്രതിനിധികൾക്കുള്ള പരിശീലനത്തിൽ ചുവടെ കൊടുത്തിട്ടുള്ള വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. SDG യും ബാലൗഹൃദ സംസ്ഥാനവും
2. ബാലസൗഹൃദത്തിന്റെ ഭാഗമായി ചെയ്യേണ്ട കാര്യങ്ങൾ
3. ബാലസൗഹൃദത്തിനായി പ്രവർത്തിക്കുന്ന ചുറ്റുമുള്ള മറ്റ് സംവിധാനങ്ങൾ പരിചയപ്പെടുത്തൽ
4. തുടർപ്രവർത്തന വിശദീകരണം
5. തുടർപരിപാടി തയ്യാറാക്കൽ

പരിശീലന ലക്ഷ്യം

1. ബാലസൗഹൃദ കേരളം, ബാലസൗഹൃദ തദ്ദേശ സ്വയംഭരണം എന്ന ആശയവും, പ്രവർത്തനങ്ങളും ബോദ്ധ്യപ്പെടുത്തുക.
2. തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സഹായിക്കുക.
3. ഈ പ്രവർത്തനം ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുക.
4 ജില്ലയിൽ നിന്നും ഇതിനായി പ്രവർത്തിക്കുന്ന പിൻതുണ സംവിധാനങ്ങളെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുക.



സെഷൻ-1

SDG യും ബാലസൗഹൃദ സംസ്ഥാനവും

1. ലക്ഷ്യം :
   a. എന്താണ് SDG യിലെ ശിശുസൗഹൃദ ആശയം, സൂചകങ്ങൾ, ഡാഷ് ബോർഡ് എന്നിവ മനസ്സിലാക്കുക
   b. ഇതിന്റെ ഭാഗമായി ഇതുവരെ നടന്ന പരിപാടികൾ ബോദ്ധ്യപ്പെടുത്തുക
   c. ബാലസൗഹൃദ ആശയം വ്യക്തമാക്കുക
   d. കുട്ടികളുടെ അവകാശങ്ങൾ ബോധ്യപ്പെടുത്തുക
2. സമയം : 45 മിനിറ്റ്
3. വേദി : പൊതുവേദി

ഉള്ളടക്കവും രീതിയും

നം	ഉള്ളടക്കം	സമയം	രീതി	ഉപാധി
1.	SDG തീം	10	അവതരണം	പിപിടി
2.	ബാലസൗഹൃദം, സൂചകങ്ങൾ	10	അവതരണം	പിപിടി
3.	ബന്ധപ്പെട്ട മറ്റ് തീമുകൾ, അടിസ്ഥാന അവകാശങ്ങൾ	10	അവതരണം	പിപിടി
4.	ഇതുവരെ നടന്ന പരിപാടികൾ	5	അവതരണം	പിപിടി
5.	ക്രോഡീകരണം	10	അവതരണം	പിപിടി

കുറിപ്പ്

1. എന്താണ് SDG, എന്തൊക്കെയാണ് 10 തീമുകൾ എന്നത് രണ്ട് സ്ലൈഡിലായി പരിശീലനത്തിൽ അവതരിപ്പിക്കണം. ഒരു ഓർമ്മപ്പെടുത്തലിന് വേണ്ടി മാത്രം മതി. അത് നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനം ലക്ഷ്യാധിഷ്ഠിതമാക്കുന്നതിന് സ്ഥായി ആക്കുന്നതിന് ഗുണകരമാണ് എന്നതാണ് വിശദീകരിക്കേണ്ടത്. എന്താണ് സുസ്ഥിരതക്ക് വേണ്ടത് എന്നത് കൂടി വിശദീകരിക്കണം.



2. ബാലസൗഹൃദ പഞ്ചായത്തിന്റെ കൺസപ്റ്റ് എന്താണ് അതിന്റെ സൂചകങ്ങൾ എന്തൊക്കെയാണ് എന്നതാണ് ഇവിടെ വിശദീകരിക്കേണ്ടത്.

3. ബാലസൗഹൃദം എന്ന ആശയം എന്താണ് എന്ന് വിശദീകരിക്കണം. ബാലസൗഹൃദം – ആശയം

കുട്ടികളുടെ ക്ഷേമം, വികസനം, അവകാശസംരക്ഷണം എന്നിവയ്ക്ക് മുൻഗണന നൽകുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ചുറ്റുപാടുകളും, നയങ്ങളും, സംവിധാനങ്ങളും, സമ്പ്രദായങ്ങളും കുട്ടികളുടെ ഉത്തമ താല്പര്യങ്ങൾ മുൻനിർത്തി രൂപീകരിക്കുന്നതിനെ ബാലസൗഹൃദം എന്ന് നിർവചിക്കാം. കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ, സംഘടനകൾ, കുടുംബം, വ്യക്തികൾ തുടങ്ങി എല്ലാം കുട്ടികളുടെ അവകാശങ്ങൾക്ക് ഉയർന്ന പരിഗണന നല്കി ചിന്തിക്കുകയും, തീരുമാനിക്കുകയും, പ്രവർത്തിക്കുകയും, മാറ്റം വരുത്തുകയും ചെയ്യുമ്പോഴാണ് ബാല സൗഹൃദത്തിൽ എത്തുക.

ഐക്യരാഷ്ട്ര സഭയുടെ 1989 – ലെ കുട്ടികളുടെ അവകാശ ഉടമ്പടിയാണ് ബാലാവകാശത്തെ സംബന്ധിച്ച ആധികാരികമായ രേഖ. അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നീ നാല് അവകാശങ്ങളിലൂടെയാണ് ബാലാവകാശങ്ങളെ ഈ ഉടമ്പടി നിർവചിച്ചിരിക്കുന്നത്. ഇതിൽ സ്പഷ്ടമാക്കിയിരിക്കുന്ന 4 പൊതു തത്വങ്ങളാണ് ആഗോളതലത്തിൽ ബാലസൗഹൃദം എന്ന ആശയത്തെ മുന്നോട്ട നയിക്കുന്നത്. ബാലസൗഹൃദം എന്ന ആശയത്തെ മനസിലാക്കുവാൻ ശ്രമിക്കുന്ന ഓരോ വ്യക്തിയും ഈ നാല് തത്വങ്ങൾ അവരുടെ പ്രവർത്തനങ്ങളുടെ ഭാഗമാക്കണം. അവ ഇപ്രകാരമാണ്.

- വിവേചനം ഒഴിവാക്കുക: കുട്ടിയുടെ അവകാശങ്ങൾ സംരക്ഷിക്കപെടുന്നതിനൊപ്പം അവരുടെയോ, അവരുടെ മാതാപിതാക്കളുടെയോ, നിയമപരമായ രക്ഷിതാക്കളുടെയോ ജാതി, മതം, വർഗ്ഗം, വർണം, വംശീയത, ദേശീയത, വൈകല്യം, രാഷ്ട്രീയം തുടങ്ങി എല്ലാ തരത്തിലുള്ള വിവേചനങ്ങൾ ഒഴിവാക്കുക.

- കുട്ടികളുടെ ഉത്തമ താല്പര്യങ്ങൾ : കുട്ടികളുടെ ക്ഷേമത്തിന് ആവശ്യമായ തീരുമാനങ്ങളും പ്രവർത്തനങ്ങളും നിർവഹിക്കുമ്പോൾ അവരുടെ ഉത്തമ താൽപര്യങ്ങൾക്കു പ്രഥമ പരിഗണന ഉറപ്പുവരുത്തണം

- അതിജീവനവും വികസനവും : കുട്ടികളുടെ അതിജീവനവും ആരോഗ്യപരമായ വികസനവും ഉറപ്പാക്കുവാൻ ഓരോ വ്യക്തികളും സർക്കാരുകളും പ്രതിജ്ഞാബദ്ധരാണ്.

- കുട്ടികളുടെ കാഴ്ചപ്പാടുകൾ മാനിക്കുക : കുട്ടികൾക്ക് അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനുള്ള സ്വാതന്ത്ര്യത്തിനൊപ്പം അവരെ ബാധിക്കുന്ന തീരുമാനങ്ങളിൽ അവരുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കാനും അവകാശമുണ്ട്. കുട്ടിയെ പൗരനായി തന്നെ അംഗീകരിക്കേണ്ടത് അനിവാര്യം



ബാലസൗഹൃദം എന്നത് വളരെ വിശാലമായ ഒരു കാഴ്ചപ്പാടാണ്. ഈ ആശയത്തെ മുൻനിർത്തി പ്രവർത്തിക്കുന്ന ഓരോ വ്യക്തിയും സ്വയം ബാലസൗഹൃദം ആകുക എന്നതാണ് ആദ്യമായി വേണ്ടത്. പൊതുതത്വങ്ങളും അവകാശങ്ങളും മനസിലാക്കി പ്രവർത്തിക്കുന്നതുമുതൽ ഓരോരോരുത്തരുടേയും ചിന്തകളിലും പ്രവർത്തനങ്ങളിലും ബാലസൗഹൃദം പ്രതിഫലിക്കപ്പെടണം. ഓരോരുത്തരും ഇടപെടുന്ന മേഖലകളിൽ എങ്ങനെ കൂടുതൽ കൂടുതൽ ബാലസൗഹൃദമാകാം എന്ന ചോദ്യം സദാ മനസ്സിൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഇത്തരം ചോദ്യങ്ങൾ സ്വയം ചോദിക്കുന്നതിലൂടെയും പ്രവർത്തനങ്ങൾ കുട്ടികളുടെ കണ്ണുകളിലൂടെ കാണുവാൻ ശ്രമിക്കുന്നതിലൂടെയും ഒരു ബാലകേന്ദ്രീകൃത സമീപനം രൂപീകൃതമാകുകയാണ്. ആ സമീപനത്തിൽ ചുറ്റുമുള്ള വ്യക്തികളെയും സംവിധാനങ്ങളെയും കൂടി ഉൾപെടുത്തുമ്പോൾ ബാലസൗഹൃദം എന്ന ആശയത്തിലേക്ക് കൂടുതൽ പങ്കാളികൾ ഉണ്ടാകുകയും ആ ആശയം സമൂഹത്തിന്റെ വിവിധ മേഖലകളിൽ വ്യാപിക്കുകയും ചെയ്യും. വ്യക്തികളിൽ നിന്നും കുടുംബത്തിലേക്കും, കുടുംബങ്ങളിൽ നിന്നും സമൂഹത്തിലേക്കും ഈ ആശയത്തെ നയിക്കുവാൻ സാധിക്കുന്നതിനൊപ്പം കൂട്ടായ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിലൂടെ ബാലസൗഹൃദം എന്ന ലക്ഷ്യം യാഥാർഥ്യമാകും.

കൂടാതെ കുട്ടികളുടെ അടിസ്ഥാന അവകാശങ്ങളായ അതിജീവനം, വികസനം, പങ്കാളിത്തം, സംരക്ഷണം എന്നിവയെ അടിസ്ഥാനപ്പെടുത്തിയാവണം തുടർ പ്രവർത്തനങ്ങൾ പഞ്ചായത്തുകളിൽ നടത്താൻ എന്ന് പറയണം.


4. ബാലസൗഹൃദ കേരളം എന്ന ആശയത്തിലേക്ക് എത്തിയതിന്റെ ഭാഗമായി ഇതുവരെ നടന്ന പരിപാടികൾ വിശദീകരിക്കണം.


5 ഇത് കൃത്യമായി സമയബന്ധിതമായി ചെയ്യേണ്ടതിന്റെ ആവശ്യകത പറഞ്ഞ് അവസാനിപ്പിക്കണം. കൂടാതെ ഇതിന്റെ ഭാഗമായി ഒരു സമഗ്ര ബാലസൗഹൃദ പദ്ധതി തയ്യാറാക്കണം. അത് ബാലസൗഹൃദവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരും കൂട്ടായി ചെയ്യണം, ഓരോ കുട്ടിയേയും പ്രത്യേകം ശ്രദ്ധിക്കാൻ പറ്റുന്ന തരത്തിൽ വ്യക്തികത പ്ലാൻ തയ്യാറാക്കണം, എന്നിവയും അതിന്റെ പ്രാധാന്യവും പറയണം.




എസ്.ഡി.ജിയും ബാലസൗഹൃദ സംസ്ഥാനവും
ജനപ്രതിനിധികൾക്കുള്ള ഏകദിന പരിശീലനം
KERALA INSTITUTE OF LOCAL ADMINISTRATION


SUSTAINABLE DEVELOPMENT GOALS
17 GOALS TO TRANSFORM OUR WORLD


17 സുസ്ഥിര വികസന ലക്ഷ്യങ്ങൾ
1. ദാരിദ്ര്യം ഇല്ലാതാക്കുക
2. ഭക്ഷ്യസുരക്ഷിതത്വം കൈവരിക്കുക
3. ആരോഗ്യപൂർണ്ണമായ ജീവിതം ഉറപ്പ് വരുത്തുക
4. വിദ്യാഭ്യാസം- ഇടപെടലും ഗുണപരതയും
5. ലിംഗസമത്വത കൈവരിക്കുക
6. സുസ്ഥിര ജലപരിപാലനവും എല്ലാവർക്കും ശുചിത്വവും
7. ആധുനിക ഊർജ്ജം
8. എല്ലാവർക്കും മാന്യമായ തൊഴിൽ


9. പശ്ചാത്തല സൗകര്യങ്ങൾ
10. അസമത്വം കുറയ്ക്കുക
11. സുസ്ഥിരവും സുരക്ഷിതവുമായ പാർപ്പിടം
12. സുസ്ഥിര ഉപഭോഗം
13. കാലാവസ്ഥാ വ്യതിയാനം നേരിടുക.
14. കടൽ വിഭവങ്ങൾളുടെ സംരക്ഷണം
15. വനത്തിന്റെ സംരക്ഷണം
16. ഉത്തരവാദിത്വപൂർണ്ണവും ഫലപ്രദവുമായ സ്ഥാപനങ്ങൾ
17. ആഗോള പങ്കാളിത്തം


പത്ത് തീമുകൾ
1. ദാരിദ്ര്യരഹിതവും ഉയർന്ന ഉപജീവനമാർഗ്ഗമുള്ളതുമായ ഗ്രാമം/നഗരം
2. ആരോഗ്യ ഗ്രാമം/നഗരം
3. ശിശു സൗഹൃദ ഗ്രാമം/നഗരം
4. ജലസമൃദ്ധ ഗ്രാമം/നഗരം
5. ശുചിത്വവും ഹരിതാഭവുമായ ഗ്രാമം/നഗരം
6. സാമൂഹിക സുരക്ഷിത ഗ്രാമം/നഗരം
7. സദ്ഭരണം
8. സ്വയംപര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഗ്രാമം/നഗരം
9. ലിംഗസമത്വ വികസനം
10. ഗുണമേന്മയുള്ള വിദ്യാഭ്യാസം


എന്താണ് ലക്ഷ്യം
ലക്ഷ്യം : ഒരു വികസന സ്വപ്നം



ടാർജറ്റുകൾ

- സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഒരു നിശ്ചിതകാലയളവിൽ പൂർത്തീകരിക്കാൻ കഴിയുന്നതാണ്
- ഹ്രസ്വകാലം, മദ്ധ്യകാലം, ദീർഘകാലം എന്നിങ്ങനെ നിശ്ചയിക്കാം
- ചുരുങ്ങിയ ദൈർഘ്യത്തിൽ, 6 മാസം, ഒരു വർഷം
- ഒരു ടാർജറ്റിൽ തന്നെ ഉപടാർജറ്റുകളും നിശ്ചയിക്കാം



എന്താണ് സൂചകങ്ങൾ

- സൂചകം - സ്ഥിതി മനസ്സിലാക്കാനുള്ള അളവ് കോലാണ്
- വിവരവിശകലനത്തിന് ഉപയോഗിക്കാം
- ടാർജറ്റുകൾ നിശ്ചയിക്കാൻ ഉപയോഗിക്കാം
- ദേശീയതലത്തിൽ സൂചകങ്ങൾ ഉണ്ട്
- പ്രാദേശിക സൂചകങ്ങളും വികസിപ്പിച്ചിട്ടുണ്ട്
- കൂടുതൽ സൂചകങ്ങൾ കണ്ടെത്താം
- അവ നമുക്ക് പരിചയപ്പെടാം



സുസ്ഥിരത

- ലക്ഷ്യം ഉറപ്പ് വരുത്തേണ്ടതാവണം
- നിലനിൽക്കുന്നതാവണം
- ഇടർച്ച ഉണ്ടാവണം
- മാറ്റം/ഫലം ഉറപ്പ് വരുത്തണം
- സമയബന്ധിതമായി പൂർത്തിയാക്കുന്നതാവണം
- അളക്കാൻ കഴിയുന്നതാവണം



ബാലസൗഹൃദം മറ്റു തീമുകളും

- ദാരിദ്ര്യരഹിത ഗ്രാമം
- വിശപ്പ് രഹിത ഗ്രാമം
- ആരോഗ്യ ഗ്രാമം
- ജലസുരക്ഷിത ഗ്രാമം
- ഫലപ്രദമായ അടിസ്ഥാന സൗകര്യ ഗ്രാമം
- സദ്ഭരണ ഗ്രാമം
- ശുചിത്വവും ഹരിതാഭവുമായ ഗ്രാമം



സമഗ്ര ബാലസൗഹൃദ പദ്ധതി

ഇത്തരത്തിൽ കൃത്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ കൃത്യമായി സൂചകങ്ങളുടെ ടാർജറ്റിന്റെയും അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനതല സമഗ്ര ബാലസൗഹൃദ പദ്ധതിക്ക് രൂപം നൽകും.




പ്രദേശിക സൂചകങ്ങൾ (LIF)- 127

- പോഷകാഹാരസുരക്ഷ
- ശിശു ആരോഗ്യവും ക്ഷേമവും
- ഗുണനിലവാരമുള്ള വിദ്യാഭ്യാസം
- പെൺകുട്ടികൾ
- വെള്ളവും ശുചിത്വവും
- ശിശു സംരക്ഷണം, സാമൂഹിക ഉൾപ്പെടുത്തൽ
- പങ്കാളിത്തം






PDI Indicators- 84
കുട്ടികളുടെ അവകാശങ്ങൾ
അതിജീവനം- 16
സംരക്ഷണം- 13
വികസനം-45
പങ്കാളിത്തം-8
ഗ്രാമ പഞ്ചായത്ത് സൂചകങ്ങൾ- 2 (Additional)


നന്ദി



സെഷൻ-2

ബാലസൗഹൃദ തദ്ദേശസ്വയംഭരണം ചെയ്യേണ്ട കാര്യങ്ങൾ

1. ലക്ഷ്യം :
   a. ബാലസൗഹൃദത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനം ചെയ്യേണ്ട കാര്യങ്ങൾ ബോധ്യപ്പെടുത്തുക
   b. വിവിധ സംഘടനാ സംവിധാനങ്ങളും ഉത്തരവാദിത്വങ്ങളും ബോധ്യപ്പെടുത്തുക
   c. എന്തായിരിക്കണം ഇതിന്റെ പ്രക്രിയ എന്നത് ബോധ്യപ്പെടുത്തുക
   d. മൊത്തം പ്രവർത്തനങ്ങളുടെ ഒരു ലഘു ചിത്രം അവതരിപ്പിക്കുക
2. സമയം : 120 മിനിറ്റ്
3. വേദി : പൊതുവേദി

ഉള്ളടക്കവും രീതിയും

നം	ഉള്ളടക്കം	സമയം	രീതി	ഉപാധി
1	തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതി	5	അവതരണം	പിപിടി
2	CAB- ചൈൽഡ് അഡ്വൈസറി ബോർഡ്	15	അവതരണം	പിപിടി
3	CRC- ചൈൽഡ് റിസോഴ്സ് സെന്റർ	20		
4	CWPC- ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി	25		
5	മൊത്തം പ്രക്രിയയുടെ അവതരണം	45		
6	സംശയനിവാരണം	10		

കുറിപ്പ്

1. പ്രാദേശിക കർമ്മപരിപാടിയുടെ കൈപ്പുസ്തകത്തിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ ഭരണസമിതികൾ



യോഗം ചേർന്ന് ചെയ്യേണ്ട കാര്യങ്ങൾ വിശദീകരിക്കണം. കൂടാതെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മറ്റികളും റോൾ വ്യക്തമാക്കണം.


2. CAB, CRC, CWPC എന്നിവ എന്താണ് എന്തിനാണ് രൂപീകരിക്കുന്നത്, അവരുടെ ഘടന അതിലേക്ക് ആളുകളെ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ കമ്മറ്റികളുടെ ഉത്തരവാദിത്തങ്ങൾ എന്നിവ വ്യക്തമാക്കണം.

3. ഒരു ബാലസൗഹൃദ സമഗ്ര പദ്ധതി തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തായിരിക്കണം അതിന്റെ പ്രക്രിയ രീതിശാസ്ത്രം, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ വ്യക്തമാക്കണം.



ബാലസൗഹൃദ തദ്ദേശസ്വയംഭരണം ചെയ്യേണ്ട കാര്യങ്ങൾ

ജനപ്രതിനിധികൾക്കുള്ള ഏകദിന പരിശീലനം



KERALA INSTITUTE OF LOCAL ADMINISTRATION

തദ്ദേശസ്വയംഭരണ സ്ഥാപന ഭരണസമിതി

- ഘടനാതലങ്ങൾ
- തീരുമാനിക്കേണ്ട കാര്യങ്ങൾ
  - പ്രവർത്തനങ്ങൾ
  - CAB, CWPC, CRC രൂപീകരിക്കൽ
  - ഇവ വിളിച്ച് ചേർക്കാനുള്ള രീതികൾ
  - CWPC വാർഡ്തല രൂപീകരണം



ചൈൽഡ് അഡ്വൈസറി ബോർഡ് (CAB) രൂപീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്

- എല്ലാ വകുപ്പിന്റെയും മേധാവികൾ ഉണ്ടാവണം
- പ്രവർത്തിക്കാൻ കഴിയുന്നവരെ തെരഞ്ഞെടുക്കണം
- CAB ആദ്യ യോഗത്തിൽ സംസാരിക്കാനുള്ള കണങ്കുകൾ സഹിതം ശേഖരിക്കണം



CAB – ഘടന

നം	അംഗങ്ങൾ	പദവി
1	തദ്ദേശ സ്വയംഭരണ അധ്യക്ഷ/ൻ	ചെയർപേഴ്സൺ
2	വിദ്യാഭ്യാസ പ്രമേയുള്ള/ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി	വൈസ് ചെയർപേഴ്സൺ
3	തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി	കൺവീനർ
4	തദ്ദേശ സ്വയംഭരണ സ്ഥാപന വിദ്യാഭ്യാസ നിർവ്വഹണ ഉദ്യോഗസ്ഥ/ൻ	ജോയിന്റ് കൺവീനർ
5	എല്ലാ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥ/ൻ (ഘടക സ്ഥാപനങ്ങൾ മാത്രമല്ല മറ്റു വകുപ്പ് മുതിർന്ന പ്രതിനിധികളും വരണം)	അംഗങ്ങൾ
6	തദ്ദേശ സ്വയംഭരണസ്ഥാപനത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളിൽ നിന്നും ഓരോ പ്രതിനിധികൾ	അംഗങ്ങൾ

7	തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ	ചെയർപേഴ്സൺ
8	അങ്കണവാടി സൂപ്പർവൈസർ	വൈസ് ചെയർപേഴ്സൺ
9	PTA പ്രതിനിധികൾ ഓരോരുത്തർ വീതം	കൺവീനർ
10	ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റിയിൽ നിന്നും രണ്ടുപേർ (ഈ കമ്മിറ്റിയിൽ അംഗങ്ങളാകാത്ത)	ജോയിന്റ് കൺവീനർ
11	കുട്ടികളുടെ പ്രതിനിധികളായി നാല് പേർ (രണ്ട് പേർ പെൺകുട്ടികളായിരിക്കുണം)	അംഗങ്ങൾ
12	കുടുംബശ്രീ സാമൂഹ്യ ഉപസമിതി കൺവീനർ	അംഗങ്ങൾ
13	ജനകീയാസൂത്രണ റിസോർസ് പേഴ്സൺ	അംഗങ്ങൾ

CAB ഉത്തരവാദിത്വങ്ങൾ

- പഞ്ചായത്തിൽ നടക്കുന്ന ആസൂത്രണ, നിർവഹണ, മോണിറ്ററിംഗ്, വിലയിരുത്തൽ പ്രവർത്തനങ്ങൾക്ക് വേണ്ട സംഘടന നേതൃത്വം നൽകുക
- വിടവ് സമാഹരണത്തിന് വേണ്ട പിന്തുണ നൽകി വേണ്ട മാർഗ്ഗങ്ങൾ അന്വേഷിക്കുക
- വേണ്ട പ്രചരണവും, പങ്കാളിത്തവും ഉറപ്പുവരുത്താനുള്ള നേതൃത്വം വഹിക്കുക
- പ്രവർത്തന ഏകോപനം ഉറപ്പുവരുത്തുക
- ഇടർപ്പവർത്തനങ്ങൾ വിദാവനം ചെയ്യുക
- ആവശ്യപ്പെട്ടുന്നവർക്ക് വേണ്ട പിൻതുണ ഉറപ്പ് വരുത്തുക.
- പ്രവർത്തന മോണിറ്ററിംഗും, വിലയിരുത്തലും നടത്തുക.





ചൈൽഡ് റിസോഴ്സ് സെന്റർ (CRC) രൂപീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്

- തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അക്കാദമിക് സെന്ററായി പ്രവർത്തിക്കണം
- ബാല കേന്ദ്രീകൃത സമീപനങ്ങളോട് താല്പര്യമുള്ളവരായിരിക്കണം ഇതിൽ പ്രവർത്തിക്കുവാനായി ഓരോ വകുപ്പിൽ നിന്നും തിരഞ്ഞെടുക്കേണ്ടത്



CRC- ഘടന

നം	അംഗങ്ങൾ	പദവി
1	തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷ/ൻ	ചെയർപേഴ്സൺ
2	ആസൂത്രണ സമിതി ഉപാദ്ധ്യക്ഷ/ൻ	വൈസ് ചെയർപേഴ്സൺ
3	ICDS സൂപ്പർവൈസർ	കൺവീനർ
4	ജനകീയാസൂത്രണ റിസോഴ്സ് പേഴ്സണോ അല്ലെങ്കിൽ കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററോ (CWF)	ജോയിന്റ് കൺവീനർ
5	പഞ്ചായത്ത്, മുൻസിപ്പാലിറ്റി, മുൻസിപ്പൽ കോർപ്പറേഷൻ, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ രൂപീകരിക്കുമ്പോൾ ആ പരിധി തലത്തിൽ വരുന്ന ഈ മേഖലയിൽ പ്രവർത്തിക്കുന്നതോ അനുഭവജ്ഞാനമുള്ള വകുപ്പുകൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയിൽ നിന്നും മാതൃകാ പ്രതിനിധികൾ.	അംഗങ്ങൾ

6	ഈ മേഖലയിൽ പ്രവർത്തിക്കുന്നതോ അനുഭവജ്ഞാനമുള്ള സന്നദ്ധ പ്രവർത്തകരായ അങ്കണ്വാടി/പ്ലേ സ്കൂൾ/ക്രഷ്	അംഗങ്ങൾ
7	പഞ്ചായത്ത് നിയമിച്ചിട്ടുള്ള കമ്മ്യൂണിറ്റി വിമൺ ഫെസിലിറ്റേറ്റർ (CWF)	അംഗങ്ങൾ
8	വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ	അംഗങ്ങൾ
9	കുട്ടികളുടെ രണ്ട് പ്രതിനിധികൾ (ഒരാൾ പെൺകുട്ടിയായിരിക്കണം)	അംഗങ്ങൾ
10	നിയമപരിജ്ഞാനം ഉള്ള രണ്ടുപേർ	അംഗങ്ങൾ
11	കൗൺസിലിംഗ് പരിജ്ഞാനമുള്ള രണ്ട് പേർ (ഒരാൾ സ്ത്രീ ആയിരിക്കണം)	അംഗങ്ങൾ
12	ഫെലി വിദ്യാധ്യാപിക/വിദ്യാധ്യാപകൻ	അംഗങ്ങൾ
13	തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് (TA)	അംഗങ്ങൾ
14	തദ്ദേശ സ്വയംഭരണ സ്ഥാപനതല ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി പ്രതിനിധിയായി ഒരാൾ	അംഗങ്ങൾ

CRCയുടെ ഉത്തരവാദിത്തങ്ങൾ

1. തദ്ദേശ സ്വയംഭരണ പ്രദേശത്ത് നടക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും അക്കാഡമിക് നേതൃത്വം നൽകുക.
2. തദ്ദേശ സ്വയംഭരണ സ്ഥാപനപ്രദേശത്തുള്ളവരുടെ പരിശീലനങ്ങൾ സംഘടിപ്പിക്കുക.
3. പദ്ധതി തയ്യാറാക്കുന്നതിനും, തുടർ പ്രവർത്തനങ്ങൾക്കും വേണ്ട വിവരം ശേഖരിക്കുക, പഠനങ്ങൾ നടത്തുക, കിട്ടിയ വിവരം ക്രോഡീകരിക്കുക, വിവര വിശകലനം നടത്തുക, ചർച്ചകൾ സംഘടിപ്പിക്കുക, പദ്ധതി, തുടർ പ്രവർത്തനങ്ങൾ എന്നിവയുടെ കരട് തയ്യാറാക്കുക.

3. കുട്ടിയും, രക്ഷിതാക്കൾക്കും, സംഘടനകൾക്കും, സ്ഥാപനങ്ങൾക്കും കുട്ടികളുടെ ആവശ്യമായി ബന്ധപ്പെട്ട് വിളിക്കാവുന്ന, സമീപിക്കാവുന്ന ഒരു ഇൻഫർമേഷൻ, ഹെൽപ്പ് ലൈൻ സെന്റർ.
4. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധി നടക്കുന്ന എല്ലാ പ്രവർത്തനങ്ങളുടെയും മോണിറ്ററിംഗ് വിലയിരുത്തൽ എന്നിവ കൃത്യമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തലും അവയുടെ റിപ്പോർട്ടുകൾ ശേഖരിച്ച് ക്രോഡീകരിച്ച് ബന്ധപ്പെട്ട ഇടങ്ങളിൽ നൽകാനുമുള്ള ഉത്തരവാദിത്വം.
5. കുട്ടികളുമായി ബന്ധപ്പെട്ട എല്ലാ വിവരവും ശേഖരിച്ച് സൂക്ഷിക്കുക
6. പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും കൃത്യമായി ഇന്റഗ്രേഷൻ ഉറപ്പാക്കുക, സയേബന്ധിതമായി പൂർത്തിയാക്കുന്നു എന്ന ഉറപ്പുവരുത്തുക.

7. ആസൂത്രണത്തിലും നിർവഹണത്തിലും വേണ്ട എല്ലാവിധ അക്കാഡമിക് പിന്തുണയും നൽകുക.
8. സ്കൂളുകളിൽ ആരംഭിച്ചിട്ടുള്ള ജെൻഡർ ഡെസ്കിന് വേണ്ട സഹായം നൽകുക. പ്രവർത്തനത്തിന് അവയുടെ സേവനം ഉപയോഗിക്കുക
9. ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് വേണ്ട സഹായം നൽകുക.
10. ബോധവൽക്കരണം, പരിശീലനം എന്നിവ നടത്തുക. അതിന് വേണ്ട മൊഡ്യൂൾ തയ്യാറാക്കുക.



ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി (CWPC) യുടെ പഞ്ചായത്ത് തല ഘടന

നം	മെമ്പർമാർ	പദവി
1	പഞ്ചായത്ത് പ്രസിഡന്റ്	ചെയർപേഴ്സൺ
2	സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ [ക്ഷേമകാര്യം]	വൈസ്ചെയർ പേഴ്സൺ
3	ICDS സൂപ്പർവൈസർ	മെമ്പർ സെക്രട്ടറി
4	കട്ടികളുടെ പ്രതിനിധികൾ 2 പേർ (ചെയർപേഴ്സൺ നാമനിർദേശം ചെയ്യണം, ഒന്നെങ്കിലും പെൺകട്ടിയായിരിക്കണം)	അംഗങ്ങൾ
5	ജില്ലാശിശുസംരക്ഷണ യൂണിറ്റിന്റെ ഒരു പ്രതിനിധി	അംഗം

6	അംഗൻവാടി ടീച്ചർ (ജില്ലാ വനിതശിശു വികസന ഓഫീസറുടെ നോമിനി)	അംഗം
7	ഡെപ്യൂട്ടി എഡ്യുക്കേഷൻ ഓഫിസർ നാമനിർദേശം ചെയ്യുന്ന ടീച്ചർമാർ (ഓരോ സ്കൂളിൽ നിന്നും ഒരാൾവീതം)	അംഗങ്ങൾ
8	ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് (ഡിസ്ട്രിക്ട് മാസ്സ് മീഡിയ ഓഫിസർ നോമിനി)	അംഗം
9	2 സാമൂഹ്യപ്രവർത്തകർ (ചെയർപേഴ്സൺ നോമിനി, ഒന്നെങ്കിലും വനിതയാകണം)	അംഗങ്ങൾ

CWPC യുടെ വാർഡ്തല ഘടന

നം	മെമ്പർമാർ	പദവി
1	മെമ്പർ / കൗൺസിലർ	ചെയർപേഴ്സൺ
2	അംഗൻവാടി വർക്കർ	കൺവീനർ
3	ആശ വർക്കർ	അംഗം
4	ADS ചെയർപേഴ്സൺ	അംഗം
5	പ്രൊമോട്ടർ (പട്ടികജാതി, പട്ടികവർഗം) ഓരോത്തരോ	അംഗം
6	4 കട്ടികൾ (ബാല പഞ്ചായത്ത്/ബാല സഭ പ്രതിനിധികൾ ഉചിതം) അതിൽ 2 പേരെങ്കിലും പെൺകട്ടികൾ ആയിരിക്കണം.	അംഗങ്ങൾ
7	വാർഡ് പരിധിയിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ/ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്	അംഗം

8	CBO പ്രതിനിധി (സ്പോർട്സ്, ലൈബ്രറി, റസിഡൻസ് അസോസിയേഷൻ എന്നിവർ), ഓരോ പ്രതിനിധികൾ	അംഗം
9	വാർഡ് പരിധിയിലുള്ള എല്ലാ സ്കൂളിൽ നിന്നും ഓരോ അധ്യാപകരും ഓരോ PTA പ്രതിനിധികളും	അംഗങ്ങൾ
10	കട്ടികളുടെ മേഖലയിൽ പ്രവർത്തിച്ച് അനുഭവജ്ഞാനമുള്ള വിശിഷ്യരായ രണ്ട് സന്നദ്ധപ്രവർത്തകർ (അതിൽ ഒരാൾ സ്ത്രീ ആയിരിക്കണം.)	അംഗങ്ങൾ
11	CBM പ്രതിനിധികൾ	അംഗങ്ങൾ
12	പോലീസ് / എക്സൈസ് പ്രതിനിധി	അംഗം
13	കൗൺസിലിംഗ് വൈദഗ്ധ്യമുള്ള ഒരാൾ	അംഗം

മൊത്തം പ്രക്രിയ

- സംഘടനാ സംവിധാനത്തിന് രൂപം നൽകൽ
- ഉത്തർന്നവരേയും കട്ടികളേയും ഗ്രാമസഭ
- വിവരശേഖരണം
- ജില്ലാ ബാലസൗഹൃദ പ്ലാൻ
- സൂചകങ്ങൾ, ടാർജറ്റ്
- തദ്ദേശ സ്വയംഭരണ ബാലസൗഹൃദ സമഗ്ര പദ്ധതി തയ്യാറാക്കൽ
- ഇന്റഗ്രേഷൻ പ്ലാൻ
- സെമിനാർ
- പ്ലാൻ അന്തിമമാക്കൽ



നന്ദി





സെഷൻ–3

ബാലസൗഹൃദം : ലഭ്യമായ സംവിധാനങ്ങൾ

1. ലക്ഷ്യം :
   a. ബാലസൗഹൃദം എന്ന ആശയം തദ്ദേശ സ്വയംഭരണ സ്ഥാപനം ഒറ്റയ്ക്ക് നടത്തേണ്ടതല്ല എന്ന് ബോധ്യപ്പെടുത്തൽ
   b. ഒട്ടനവധി സംവിധാനങ്ങൾ സഹായിക്കാൻ ചുറ്റുമുണ്ട് എന്ന തിരിച്ചറിയലുണ്ടാക്കൽ
   c. എല്ലാവരെയും തുടക്കം മുതലേ കൂട്ടിയിണക്കണം എന്ന ധാരണ ഉണ്ടാക്കുക
   d. ഇന്റഗ്രേഷൻ സാധ്യത ബോധ്യപ്പെടുത്തുക
2. സമയം : 60 മിനിറ്റ്
3. വേദി : പൊതുവേദി

ഉള്ളടക്കവും രീതിയും


നം	ഉള്ളടക്കം	സമയം	രീതി	ഉപാധി
1.	വിവിധ വകുപ്പുകൾ സ്ഥാപനങ്ങൾ	15	അവതരണം	പിപിടി
2.	നൽകുന്ന സേവനങ്ങൾ	25	അവതരണം	പിപിടി
3.	ആസൂത്രണം നിർവഹണം വിലയിരുത്തൽ മോണിറ്ററിംഗ് കൂട്ടായി	5	അവതരണം	പിപിടി
4.	ഇന്റഗ്രേഷൻ സാധ്യത	10	അവതരണം	പിപിടി
5.	സംശയനിവാരണം	5	അവതരണം	പിപിടി


കുറിപ്പ്

കേരളത്തിൽ ബാലസൗഹൃദത്തിനായി പ്രവർത്തിക്കുന്ന സർക്കാർ സംവിധാനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും ഏതെല്ലാമെന്ന് ചോദിക്കുക, മറുപടി രേഖപ്പെടുത്തുക. അവർ നൽകുന്ന സേവനങ്ങൾ, എന്താണെന്ന് വ്യക്തമാക്കുക. കൂടാതെ തദ്ദേശഭരണ സ്ഥാപന നൽകുന്ന സംഘടനാ സംവിധാനം ആസൂത്രണ പ്രവർത്തനങ്ങൾ നിർവഹണം മോണിറ്ററിംഗ് വിലയിരുത്തൽ എന്നിവയിൽ ഇതുവരെ നാം ഒത്തുചേർന്ന് എങ്ങനെ പ്രവർത്തിക്കാം. അതുവഴി ഈ പരിപാടി എല്ലാവരും ആക്കി എങ്ങനെ മാറ്റാം എന്നീ കാര്യങ്ങൾ അവതരിപ്പിക്കണം അതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനം തയ്യാറാക്കുന്ന സമഗ്ര ബാലസൗഹൃദ പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തൽ മോണിറ്ററി എന്നിവ എങ്ങനെ ചെയ്യാം എന്നതും വിശദീകരിക്കണം ഇതിനായി ഹാൻഡ്ബുക്ക് റഫർ ചെയ്യേണ്ടതാണ്.





ബാല സൗഹൃദം: ചുറ്റുമുള്ള സംവിധാനങ്ങൾ
ജനപ്രതിനിധികൾക്കുള്ള ഏകദിന പരിശീലനം
KERALA INSTITUTE OF LOCAL ADMINISTRATION


വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ
അവർ നല്കുന്ന സേവനങ്ങൾ
1. വനിത ശിശു വികസന വകുപ്പ്
മിഷൻ വാത്സല്യ, (സ്പോൺസർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട് സേവനങ്ങൾ, ചൈൽഡ് ഹെൽപ്പ്ലൈൻ, വിജ്ഞാനദീപ്തി അവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC), ഡിസ്ട്രിക്ട് റിസോഴ്സ് സെന്റർ (DRC), കാവൽ, കാവൽ പ്ലസ്, അപ്പർ കെയർ പ്രോഗ്രാം, പേരെന്റിംഗ് ക്ലിനിക്, ശരണബാല്യം, ബാലനിധി, പടവുകൾ)


2. സാമൂഹ്യ നീതി വകുപ്പ്
വിദ്യാകിരണം, വിദ്യാജ്യോതി, ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, വിദേശ വിദ്യാഭ്യാസ ധനസഹായം, വിദേശയാത്രാ സഹചാരി, തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായ പദ്ധതി, ടാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി, CDMFP (കമ്മ്യൂണിറ്റി ഡിസബിലിറ്റി മാനേജ്മെന്റ് ആൻഡ് റീഹാബിലിറ്റേഷൻ പ്രോഗ്രാം, മൊബിലിറ്റി മിഷൻ കേരള മാതൃജ്യോതി പദ്ധതി, പുണ്യഭവൻ, കുട്ടികൾക്കുള്ള ഭിന്നശേഷി സദനം



3. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ
ഹൈടെക് ലിബ്, ഭിന്നശേഷിക്കാരായ വർക്ക് പ്രൊഫിഷ്യൻസി അവാർഡ്, ഗുരുതരമായ ഭിന്നശേഷിയുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി, NISH, NPMR, സൈക്യൂൾ എഡ്യുക്കേഷൻ ഡിപ്ലോമ, CDRC, കേരള സാമൂഹ്യ സുരക്ഷാമിഷൻ സ്റ്റാർ ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, പ്രീ-മെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്


4. സമഗ്ര
സഹകിരണം, RAAP (Recalibration of Approach and Attitude Programme), സഹചേഞ്ച്-ടീച്ച് പതിനാലാം പഞ്ചവത്സര പദ്ധതി കാലത്തേയ്ക്കുള്ള പെർസ്പെക്ടീവ് പ്ലാൻ (PEP- Progressive Education Programme), സ്കൂൾ ലീഡർഷിപ്പ് അക്കാദമി കേരള (SLA-K)
5. എസ്.സി.ഇ.ആർ.ടി
6. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
കുട്ടികൾക്കുള്ള ക്രഷ് ഫെസിലിറ്റി, സ്മാർട്ട് അംഗണവാടി കെട്ടിടങ്ങൾ, AWC-യിലെ ബാല സൗഹൃദ ടോയ്ലറ്റുകൾ, സ്കൂൾ ടോയ്ലറ്റുകൾ, സർക്കാർ സ്കൂളുകളിൽ കിച്ചൺ ഷെഡുകൾ, സർക്കാർ സ്കൂളുകളിൽ വന വത്കരണ പ്രവർത്തനങ്ങൾ


7. ലേബർ കമ്മീഷണറേറ്റ്
1986 ലെ ചൈൽഡ് & അഡോളസന്റ് ലേബർ (പ്രൊഹിബിഷൻ & റെഗുലേഷൻ ആക്ട് പ്രകാരം തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സ്ഥാപനങ്ങളിൽ പരിശോധന നടത്തി ബാലവേല കണ്ടെത്തുകയാണെങ്കിൽ അവരെ മോചിപ്പിക്കുകയും ഇടർന്ന് പുനരധിവസിപ്പിക്കുകയും ചെയ്യുന്ന നടപടികൾ ആണ് സ്വീകരിച്ചു വരുന്നത്.
8. കുടുംബശ്രീ
9. പൊതുവിദ്യാഭ്യാസ വകുപ്പ്
ഭിന്നശേഷി സൗഹൃദ വിദ്യാലയം, കുട്ടികൾക്കുള്ള സാമ്പത്തിക സഹായം, മോഡൽ ഇൻക്ലൂസീവ് സ്കൂൾ, ബാലിയർ പ്രീ-സ്കൂൾ പദ്ധതി , ഓട്ടിസം പാർക്ക്, ശ്രുദ്ധ, ഫോക്കസ് സ്കൂൾ , ടൈവൈവിധ്യ ഉദ്യാനം, വയനയുടെ വസന്തം, ഗിഫ്റ്റഡ് ചിൽഡ്രൻ




10. എക്സ്പ്രസ് വേകപ്പ്
വിദൂരതി മിഷൻ, ലഹരി വിമുക്ത സ്കൂളുകൾ, ഉണർവ്, നേർവഴി പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലനം, ബോധവൽക്കരണ ക്ലാസുകൾ, വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ, കൗൺസിലിംഗ്, ആദിവാസി, തീരദേശ മേഖലകളിലെ പ്രവർത്തനങ്ങൾ, "നോ ടു ഡ്രഗ്സ്" കാമ്പെയിൻ
11. അസംപ്ഷൻ
ഗ്രിസം ക്ലബ്, മ്യൂസിക് ക്ലബ്, ക്രിയേറ്റീവ് സയൻസ് ക്ലാസ്, ബിഗിന്നേഴ്സ് ചെസ്സ് വർക്കിംഗ്ഷോപ്പ് 'Welcome to Virtual World'


12. ആരോഗ്യകേരളം
താഷ്യ ബാൽ സ്വാസ്ഥ കാരിക്കം (RBSK), ശലഭം സമഗ്ര നവജാതശിശു സ്ക്രീനിംഗ്, ജില്ലാ പ്രാഥമിക ഇടപെടൽ കേന്ദ്രം (DEIC), അനുയാത്ര എം. ഐ. യു. എന്നും സപ്പോർട്ട് നൂബോൺ കെയർ യൂണിറ്റ്, നൂബോൺ സ്റ്റബിലൈസേഷൻ യൂണിറ്റ്, നൂബോൺ കെയർ കോർണർ, ഹോം അസസ്മെന്റ് നൂബോൺ കെയർ, കണ്ണുങ്ങൾക്കുള്ള ദേവനാധിഷ്ഠിത പരിചരണം, ആശാധാര പദ്ധതി, ക്ലബ് ഫുട്ട് ക്ലിനിക്ക്, വിവരകളം, NIFS, കാമാര ആരോഗ്യപരിപാടി
13. യുഡിഐഡി
സ്പെഷൽ അംഗൻവാടികൾ, സ്നേഹപൂർവ്വം പദ്ധതി, റീജിയണൽ എർളി ഇന്റർവെൻഷൻ സെന്ററുകൾ, റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ (RARRC), കാമോത്ര, സൈക്കിൾ പാർസി റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ, ഓട്ടിസം സെന്ററുകൾ, മിട്ടായി


• ഇന്റ്രോഡക്ഷൻ
• വിവരശേഖരണം
• ആസൂത്രണം
• നിർവഹണം
• വിലയിരുത്തൽ
• മോണിറ്ററിങ്


നന്ദി



സെഷൻ–4

ബാലസൗഹൃദം : തുടർ പ്രവർത്തനങ്ങൾ

1. ലക്ഷ്യം :
   a. തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുക
   b പ്രവർത്തന കലണ്ടർ തയ്യാറാക്കുക
2. സമയം : 90 മിനിറ്റ്
3. വേദി : പൊതുവേദി

ഉള്ളടക്കവും രീതിയും

നം	ഉള്ളടക്കം	സമയം	രീതി	ഉപാധി
1.	പ്രവർത്തന കലണ്ടർ പരിചയപ്പെടുത്തൽ	15	അവതരണം	പിപിടി
2.	പഞ്ചായത്ത് തല ഗ്രൂപ്പ് ചർച്ച	35	ഗ്രൂപ്പ് ചർച്ച	
3.	അവതരണം	25	പ്ലീനറിയിൽ	
4.	ക്രോഡീകരണം സമാപനം	15		

കുറിപ്പ്

തുടർപ്രവർത്തനങ്ങൾ എന്തൊക്കെ, അതിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ 10 മിനിറ്റ് കൊണ്ട് അവതരിപ്പിച്ച് പഞ്ചായത്ത് ഗ്രൂപ്പായി തിരിഞ്ഞ് ഓരോ പ്രവർത്തിയും ചർച്ച ചെയ്യേ എന്തൊക്കെ ഉപപ്രവർത്തനങ്ങൾ, മുന്നൊരുക്കം എന്നതടക്കം ചർച്ച ചെയ്യേ തീയതിയും ചുമതലക്കാരേയും നിശ്ചയിക്കണം. അത് അവതരിപ്പിച്ച് പരിശീലനം അവസാനിപ്പിക്കണം.



കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

ബാലസൗഹൃദ കേരളം

ബാലസൗഹൃദ തദ്ദേശ സ്വയംഭരണം

തദ്ദേശ സ്വയംഭരണ സ്ഥാപനതല പ്രവർത്തന കലണ്ടർ

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് :

ജില്ല :

ക്രമ നം	പ്രവർത്തനങ്ങൾ	പ്രവർത്തനങ്ങൾ / മുന്നൊരുക്കം	തീയതി		ചുമതല
			ആരംഭം	അവസാനം	
1.	തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതി തീരുമാനം				
2.	തീരുമാനങ്ങൾ- വിവിധ സമിതി രൂപീകരണം- പ്രൊസീഡിങ്സായി/ പ്രാദേശിക സർക്കാർ ഉത്തരവായി ഇറക്കൽ				
3.	CAB രൂപീകരണവും യോഗവും				
4.	CRC രൂപീകരണവും യോഗവും				
5.	CWPC തദ്ദേശ സ്വയംഭരണ സ്ഥാപനതല രൂപീകരണവും യോഗവും				
6.	വിദ്യാഭ്യാസ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി യോഗങ്ങൾ				
7.	വാർഡ് തല CWPC രൂപീകരണവും യോഗവും				
8.	പ്രവർത്തന കലണ്ടർ അന്തിമമാക്കൽ				
9.	പ്രവർത്തന ഉദ്ഘാടനം				

തീയതി :

പ്രസിഡന്റ് /ചെയർപേഴ്സൺ/മേയർ



ബാലസൗഹൃദ തദ്ദേശ ഭരണ ശാക്തീകരണം



തദ്ദേശ സ്വയംഭരണ ജനപ്രതിനിധികൾക്കുള്ള ഏകദിന പരിശീലനം

പരിശീലന സഹായി

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ